ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.01.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രനിർമ്മാണത്തിലും രാജ്യവളർച്ചയിലും കായിക മേഖലയ്ക്ക് നിർണായക പങ്കുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi said that the sports sector plays a crucial role in nation-building and the country's growth.**

2. ഫ്രാൻസ്, ലക്സംബർഗ് സന്ദർശനത്തിനായി- വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ യാത്ര തിരിച്ചു. സന്ദർശനം ഈ മാസം 10 വരെ.

   **External Affairs Minister Dr. S Jaishankar embarked on an official visit to France and Luxembourg. The visit will continue till the 10th of this month.**

3. അരി ഉത്പാദനത്തിൽ ചൈനയെ മറികടന്ന് ഇന്ത്യ ആഗോളതലത്തിൽ ഒന്നാം സ്ഥാനത്തെത്തിയതായി കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

Agriculture Minister Shivraj Singh Chouhan says, India has surpassed China in rice production.

4. ഇന്ത്യൻ കോസ്റ്റ് ഗാർഡ് തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് ആദ്യമായി നിർമ്മിച്ച മലിനീകരണ നിയന്ത്രണ കപ്പൽ സമുദ്ര പ്രതാപിന്റെ കമ്മീഷനിങ് ഇന്ന്.

Indian Coast Guard's first indigenously designed and built pollution control vessel 'Samudra Pratap' will be commissioned today.

5. തൃശൂർ റെയിൽവേ സ്റ്റേഷന് സമീപത്തെ തീപിടിത്തം റെയിൽ വൈദ്യുതി ലൈനുകളിൽ നിന്ന് അല്ലെന്ന് പ്രാഥമിക നിഗമനം. വകുപ്പുതല അന്വേഷണത്തിന് ഉത്തരവിട്ട് റെയിൽവെ.

Based on the preliminary findings Indian Railway clarified that the fire near Thrissur Railway Station did not originate from the railway’s electric lines. The Railways has ordered a departmental enquiry.

6. ഇന്ത്യ-ദക്ഷിണാഫ്രിക്ക അണ്ടർ - 19 പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്.

**The second match of the India–South Africa Under-19 men's One Day International cricket series will be played today.**

❁❁❁❁❁❁❁❁❁❁❁❁❁

## P M -VARANASI(INTRO)

രാഷ്ട്രനിർമ്മാണത്തിലും രാജ്യവളർച്ചയ്ക്കും കായിക മേഖലയ്ക്ക് നിർണായക പങ്കുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഉത്തർപ്രദേശിലെ വാരാണസിയിൽ 72-ാമത് ദേശീയ വോളിബോൾ ടൂർണമെന്റ് ഇന്നലെ ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിജയം കൂട്ടായ പരിശ്രമത്തെ ആശ്രയിച്ചിരിക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

**(ഹോൾഡ് വോയിസ്)**

ഈ മാസം 11 വരെ നീളുന്ന എട്ട് ദിവസത്തെ ടൂർണമെന്റിൽ രാജ്യത്തുടനീളമുള്ള ആയിരത്തിലധികം കായിക താരങ്ങൾ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## JAISHANKAR- LUXEMBOURG

ഫ്രാൻസ്, ലക്സംബർഗ് സന്ദർശനത്തിനായി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ യാത്ര തിരിച്ചു. ഈ മാസം 10 വരെയാണ് സന്ദർശനം. പാരീസിൽ, ഫ്രഞ്ച് നേതൃത്വവുമായി

കൂടിക്കാഴ്ച നടത്തുന്ന അദ്ദേഹം ഫ്രാൻസ് വിദേശകാര്യ മന്ത്രിയുമായും ചർച്ച നടത്തും. സന്ദർശനത്തിൻറെ രണ്ടാം പാദത്തിൽ ലക്സംബർഗിൽ എത്തുന്ന ശ്രീ ജയശങ്കർ ലക്സംബർഗിൻറെ ഉപപ്രധാനമന്ത്രിയുൾപ്പെടെ ഉള്ളവരുമായി കൂടിക്കാഴ്ച നടത്തും. ലക്സംബർഗിലെ ഇന്ത്യൻ സമൂഹവുമായും അദ്ദേഹം സംവദിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**SAMUDRA PRATAP**

ഇന്ത്യൻ കോസ്റ്റ് ഗാർഡ് തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് ആദ്യമായി നിർമ്മിച്ച മലിനീകരണ നിയന്ത്രണ കപ്പൽ 'സമുദ്ര പ്രതാപ്' ഇന്ന് ഗോവയിൽ കമ്മീഷൻ ചെയ്യും. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ചടങ്ങിൽ പങ്കെടുക്കും. 114.5 മീറ്റർ നീളമുള്ള കപ്പലിൻറെ 60 ശതമാനത്തിലധികം ഭാഗവും തദ്ദേശീയമായി നിർമ്മിച്ചവയാണ്. 4,200 ടൺ ഭാരമുള്ള കപ്പലിന് 6,000 നോട്ടിക്കൽ മൈൽ സഞ്ചരിക്കാൻ കഴിയും. സമുദ്ര മലിനീകരണ നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതിനും തിരച്ചിൽ, രക്ഷാപ്രവർത്തനം എന്നിവയും ഇതിലൂടെ സാധ്യമാകും.

❁❁❁❁❁❁❁❁❁❁❁❁❁

**SHIVRAJ SINGH CHOUHAN(INTRO)**

അരി ഉത്പാദനത്തിൽ ചൈനയെ മറികടന്ന് ഇന്ത്യ ആഗോളതലത്തിൽ ഒന്നാം സ്ഥാനത്തെത്തിയതായി കേന്ദ്ര

മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ന്യൂഡൽഹിയിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ വികസിപ്പിച്ചെടുത്ത 25 വിളകളുടെ 184 പുതിയ ഇനങ്ങൾ പുറത്തിറക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

*(ഹോൾഡ് വോയിസ്)*

തൊഴിലാളികളുടെ താൽപര്യം സംരക്ഷിക്കുന്നതാണ് വികസിത് ഭാരത് ജി-റാം-ജി നിയമമെന്ന് ശ്രീ. ചൗഹാൻ പറഞ്ഞു.

## GENERAL DWIVEDI-UAE

കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയുടെ രണ്ട് ദിവസത്തെ യുഎഇ സന്ദർശനം ഇന്ന് ആരംഭിക്കും. യുഎഇയിലെ കരസേനാ മേധാവി, മുതിർന്ന സായുധ സേന ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി അദ്ദേഹം ചർച്ച നടത്തും. സന്ദർശനത്തിൻറെ രണ്ടാം പാദത്തിൽ ശ്രീലങ്കയിൽ എത്തുന്ന ശ്രീ.ഉപേന്ദ്ര ദ്വിവേദി ശ്രീലങ്കൻ ആർമി കമാൻഡർ ഉൾപ്പെടെയുള്ള മുതിർന്ന സൈനിക, സിവിൽ നേതൃത്വവുമായി ആശയവിനിമയം നടത്തും.

## AYUSH - FTA

ഒമാൻ, ന്യൂസിലാൻഡ് എന്നീ രാജ്യങ്ങളുമായുള്ള ഉഭയകക്ഷി വ്യാപാര കരാറുകളിൽ ഇന്ത്യയുടെ പരമ്പരാഗത വൈദ്യശാസ്ത്ര സംവിധാനമായ ആയുഷിന് ഔപചാരിക അംഗീകാരം ലഭിച്ചതായി വാണിജ്യ മന്ത്രാലയം. 2025 ഡിസംബറിൽ അന്തിമമാക്കിയ രണ്ട് കരാറുകളിലും ആരോഗ്യ സംബന്ധിയായ സേവനങ്ങളിലും പരമ്പരാഗത വൈദ്യശാസ്ത്രത്തിലും അനുബന്ധങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## DELHI- WINTER SESSION

ഡൽഹി നിയമസഭയുടെ ശീതകാല സമ്മേളനം ഇന്ന് ആരംഭിക്കും. ഈ മാസം 8 വരെ നടക്കുന്ന സമ്മേളനത്തിൽ, മലിനീകരണം, പരിസ്ഥിതി, ഡൽഹി ജൽ ബോർഡ് എന്നിവയുൾപ്പെടെ വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ചകൾ നടക്കും.

## YEAR ENDER-ENERGY SECTOR

ഇന്ത്യയുടെ വികസന യാത്രയിലെ നിർണായക വർഷമായിരുന്നു 2025. നയങ്ങൾ പുരോഗതിയിലേക്കും ഉദ്ദേശ്യം ഫലപ്രാപ്തിയിലേക്കും വഴിമാറി വൈദ്യുതി, ആണവോർജ്ജം തുടങ്ങിയ മേഖലകളിലെല്ലാം ദീർഘകാലമായി മുടങ്ങിക്കിടന്ന പരിഷ്കാരങ്ങൾ നടപ്പിലാക്കിയ വർഷമാണ് കടന്നു പോയത്. ആണവോർജ്ജ ശേഷി 10

മടങ്ങിലധികം വർദ്ധിപ്പിക്കാനുള്ള പദ്ധതിയുമായി രാജ്യം മുന്നോട്ട് പോകുകയാണ്.

❁❁❁❁❁❁❁❁❁❁❁❁❁

**PIB FACTCHECK- FREEBIES**

രാജ്യത്തെ ജനങ്ങൾക്ക് മൊബൈൽ ഫോണുകൾ, ഇരുചക്ര വാഹനങ്ങൾ, സ്വർണം തുടങ്ങിയവ സൗജന്യമായി നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചതായി പ്രചരിക്കുന്ന വീഡിയോ വ്യാജമെന്ന് കേന്ദ്ര സർക്കാർ. ഇത്തരത്തിൽ യാതൊരു പ്രഖ്യാപനവും നടത്തിയിട്ടില്ലെന്നും വീഡിയോ AI ഉപയോഗിച്ച് നിർമിച്ചതാണെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധന വിഭാഗം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**ACCIDENT - GOLDEN HOUR**

റോഡപകടത്തിൽ പെടുന്നവരുടെ ജീവൻ രക്ഷിക്കാൻ കഴിയുന്ന നിർണായക സമയത്ത് അതിനായി മുന്നോട്ടു വരുന്നവരെ പിന്തുണക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി നിയമഭേദഗതി. നിയമത്തിലെ സെക്ഷൻ 134എ പ്രകാരമാണ് റോഡ് ഗതാഗത ഹൈവേ മന്ത്രാലയം നിയമഭേദഗതി വരുത്തിയത്. ഇതിനനുസരിച്ച് അപകടത്തിൽപ്പെട്ടയാളെ സഹായിക്കുന്നവരെ നിയമപരമായി ബുദ്ധിമുട്ടിക്കാനോ, വ്യക്തിവിവരങ്ങൾ

വെളിപ്പെടുത്താൻ നിർബന്ധിക്കാനോ അനാവശ്യമായി തടങ്കലിൽ വയ്ക്കാനോ പാടില്ല.

## FIRE INCIDENT – THRISSUR RAILWAY STATION

തൃശൂർ റെയിൽവേ സ്റ്റേഷനിലെ ഇരുചക്രവാഹന പാർക്കിങ് സ്ഥലത്ത് ഉണ്ടായ തീപിടിത്തം റെയിൽ വൈദ്യുതി ലൈനുകളിൽ നിന്നോ റെയിൽവേയുടെ മറ്റ് വൈദ്യുതി സംവിധാനങ്ങളിൽ നിന്നോ അല്ലെന്നു റെയിൽവേ അധികൃതർ വ്യക്തമാക്കി. പാർക്ക് ചെയ്ത ഇരുചക്രവാഹനങ്ങളിൽ ഒന്നിൽ നിന്ന് തീ പടർന്നതെന്നാണ് പ്രാഥമിക കണ്ടെത്തൽ. സംഭവത്തിൽ റെയിൽവേ, വകുപ്പുതല അന്വേഷണത്തിനും ഉത്തരവിട്ടിട്ടുണ്ട്.

## NCC – NATIONAL INTEGRATION CAMP (INTRO)

കൊച്ചിയിലും ലക്ഷദ്വീപിലെ കവരത്തിയിലുമായി എൻസിസി പ്രത്യേക ദേശീയോദ്ഗ്രഥന ക്യാമ്പ് സംഘടിപ്പിച്ചു. 200 എൻസിസി കേഡറ്റുകൾ പരിപാടിയിൽ പങ്കെടുത്തു.

***വിശദാംശങ്ങളിലേക്ക്...***
***(വോയിസ്)***

## NCC – NATIONAL INTEGRATION CAMP (VOICE)

ദേശീയോദ്ഗ്രഥന പരിപാടിയുടെ ഭാഗമായി എൻസിസി കേരള - ലക്ഷദ്വീപ് ഡയറക്ടറേറ്റിൻ്റെ കീഴിലുള്ള എറണാകുളം എൻസിസി ഗ്രൂപ്പ് ആസ്ഥാനമാണ് ക്യാമ്പ് സംഘടിപ്പിച്ചത്. എല്ലാ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമായി 200 കേഡറ്റുകൾ ഈ 12 ദിവസത്തെ പരിപാടിയിൽ പങ്കെടുത്തു. ഇതിനു പുറമെ 23 കേരള ബറ്റാലിയൻ, ഒരു ലക്ഷദ്വീപ് നാവിക യൂണിറ്റ് എന്നിവിടങ്ങളിൽ നിന്നുള്ള 30 എൻസിസി ഉദ്യോഗസ്ഥരും ക്യാമ്പിൻ്റെ ഭാഗമായി. ദേശീയോദ്ഗ്രഥനം വളർത്തുക, യുവജനങ്ങൾക്കിടയിൽ സൗഹൃദവും ദേശസ്നേഹവും പ്രോത്സാഹിപ്പിക്കുക, ലക്ഷദ്വീപ് ദ്വീപുകളുടെ പാരിസ്ഥിതിക പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്നിവയായിരുന്നു ക്യാമ്പിൻ്റെ ലക്ഷ്യങ്ങൾ. കൊച്ചിയിലെ ക്യാമ്പിന് ശേഷം കേഡറ്റുകൾ കവരത്തി ദ്വീപിലെത്തി. സ്കൂബ ഡൈവിംഗ്, ഗ്ലാസ് ബോട്ട് റൈഡുകൾ എന്നിവയുൾപ്പെടെ വിവിധ ഇനങ്ങളിൽ കേഡറ്റുകൾ പങ്കെടുത്തു. സമുദ്ര സംരക്ഷണത്തിൻ്റെ സന്ദേശവുമായ് കേഡറ്റുകളും എൻസിസി ഉദ്യോഗസ്ഥരും ശുചീകരണ പ്രവർത്തനങ്ങളിലും പങ്കാളികളായി. ***ന്യൂസ് ഡെസ്ക്, ആകാശവാണി.***

❋❋❋❋❋❋❋❋❋❋❋❋❋

## SIR KERALA

കേരളത്തിൽ കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ മാസം 22 വരെ സമർപ്പിക്കാം. കരട് വോട്ടർ പട്ടികയിലെ ഹിയറിങ്ങ് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## CRICKET

ഇന്ത്യ-ദക്ഷിണാഫ്രിക്ക അണ്ടർ - 19 പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. ഉച്ചക്ക് ഒരു മണിക്ക് ദക്ഷിണാഫ്രിക്കയിലെ ബെനോണിയിലാണ് മത്സരം. പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്കായിരുന്നു ജയം. മൂന്ന് മത്സരങ്ങളാണ് പരമ്പരയിൽ ഉള്ളത്.

❁❁❁❁❁❁❁❁❁❁❁❁❁

## KHELO INDIA BEACH GAMES

ഖേലോ ഇന്ത്യ ബീച്ച് ഗെയിംസിൻറെ രണ്ടാം പതിപ്പിന് ദിയുവിലെ ഘോഘ്ല ബീച്ചിൽ ഇന്ന് തുടക്കം. കേന്ദ്രഭരണ പ്രദേശമായ ദാദ്ര ആൻഡ് നാഗർ ഹവേലിയും ദാമൻ ആൻഡ് ദിയുവും നടക്കുന്ന ഗെയിംസിൽ 2,100-ലധികം അത്‌ലറ്റുകൾ പങ്കെടുക്കും. ജനുവരി 10 ന് ഗെയിംസ് സമാപിക്കും.

Editor:SOFIA DANIEL, Source: NEWSPOOL, CNRT:THULASIDAS, Reader: THULASIDAS P S , DEO:SANDHYA RANI G S

## MEA – VENEZUELA

വെനസ്വേലയിലെ യുഎസ് സൈനിക നടപടി സംബന്ധിച്ച് ഇന്ന് ചേരുന്ന യു എൻ രക്ഷാ സമിതിയുടെ അടിയന്തര യോഗം ചർച്ച ചെയ്യും. കൗൺസിലിൽ സ്ഥിരാംഗമല്ലാത്ത കൊളംബിയയുടെ അഭ്യർഥനയെ തുടർന്നാണ് യോഗം വിളിച്ചത്. അതെസമയം, വെനിസ്വേലയിലെ സമീപകാല സംഭവവികാസങ്ങളിൽ ഇന്ത്യ കടുത്ത ആശങ്ക പ്രകടിപ്പിച്ചു. സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

## IRAN – SUBSIDIES

വിലക്കയറ്റവും റിയാലിന്റെ മൂല്യത്തിലുള്ള ഇടിവും ജനങ്ങളെ ബാധിക്കുന്നത് ലഘൂകരിക്കുന്നതിനായി സബ്സിഡിയിൽ വർദ്ധന പ്രഖ്യാപിച്ച് ഇറാൻ. ഇതോടെ പ്രതിമാസ സബ്സിഡികൾ ഒരു കുടുംബത്തിന് മൂന്ന് ദശലക്ഷം റിയാലിൽ നിന്ന് പത്ത് ദശലക്ഷം റിയാലായി ഉയരും. അവശ്യവസ്തുക്കൾ വാങ്ങാൻ ഉപയോഗിക്കാവുന്ന ഗാർഹിക കാർഡുകളിലേക്ക് പ്രതിമാസം പണം ക്രെഡിറ്റ് ചെയ്യുന്ന രീതിയിലാണ് ക്രമീകരണം.

## UAE PM

യുഎഇ പ്രധാനമന്ത്രിയായി ചുമതലയേറ്റതിൻറെ 20-ാം വാർഷികം ആഘോഷിച്ച് ദുബായ് ഭരണാധികാരി ഷെയ്ഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി ഒപ്പം സേവനമനുഷ്ഠിച്ചവരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി.

## BEATING RETREAT

ഈ വർഷത്തെ റിപ്പബ്ലിക് ദിന പരേഡ്, ബീറ്റിങ് റിട്രീറ്റ് ഫുൾ ഡ്രസ് റിഹേഴ്സൽ, എന്നിവയുടെ ടിക്കറ്റ് വില്പന നാളെ ആരംഭിക്കും. ടിക്കറ്റുകൾ ആമന്ത്രൺ വെബ്സൈറ്റിൽ നിന്ന് വാങ്ങാവുന്നതാണ്. ഇതിനു പുറമെ സേന ഭവൻ, ശാസ്ത്രി ഭവൻ, ജന്തർ മന്ദർ, പാർലമെന്റ് ഹൗസ്, രാജീവ് ചൗക്ക് മെട്രോ സ്റ്റേഷൻ, കശ്മീരി ഗേറ്റ് മെട്രോ സ്റ്റേഷൻ എന്നിവടങ്ങളിൽ സജ്ജമാക്കിയിരുക്കുന്ന പ്രത്യേക കൗണ്ടറുകളിൽ നിന്നും ടിക്കറ്റുകൾ നേരിട്ടും വാങ്ങാവുന്നതാണ്.